പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക വിളകളുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിലൂടെ കൂടുതൽ പ്രദേശം കൃഷിക്ക് ഉപയുക്തമാകുംവിധം മാറ്റിയെടുക്കാനും പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരവും വരുമാനവും ലഭ്യമാക്കുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനതല നിർവ്വഹണത്തിനായി സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി രൂപീകരിച്ചു. കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനും ഗ്രാമവികസന കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുമാണ്. ജില്ലാതലങ്ങളിൽ ഡബ്ല്യു.സി.ഡി.സി.യും ബ്ലോക്ക് തലങ്ങളിൽ ഡബ്ല്യു.ഡി.റ്റി.യും രൂപീകരിച്ചിട്ടുണ്ട്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ സംസ്ഥാനതല ഏകോപന ചുമതല State Level Nodal Agency (എസ്.എൽ.എൻ.എ.)-ക്ക് ആണ്. കാർഷികോൽപ്പാദന കമ്മീഷണറാണ് എസ്.എൽ.എൻ.എ.-യുടെ ചെയർമാൻ. എസ്.എൽ.എൻ.എ.യുടെ സംസ്ഥാനതല സാങ്കേതിക യൂണിറ്റ് ഗ്രാമവികസന കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്നു. അഗ്രിക്കൾച്ചർ, ലൈവിലിഹുഡ്, ഫിനാൻസ് വിദഗ്ധർ എന്നിവർ ടെക്നിക്കൽ യൂണിറ്റിൽ ഉണ്ട്. ജില്ലാതലത്തിൽ ഡബ്ല്യു.സി.ഡി.സി.-കൾ രൂപീകരിച്ചു. ഇവ ജില്ലാ പഞ്ചായത്തുകൾക്ക് കീഴിലുള്ള ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളിൽ പ്രവർത്തിക്കുന്നു. ബ്ലോക്കുതല നിർവ്വഹണം നടത്തുന്നത് ബ്ലോക്ക് പഞ്ചായത്തുകളാണ്. അവരെ സാങ്കേതികമായി സഹായിക്കുന്നതിന് നീർത്തട വികസന ടീം (ഡബ്ല്യു.ഡി.റ്റി.) രൂപീകരിച്ചിട്ടുണ്ട്.

നീർത്തടതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷതയും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സെക്രട്ടറിയുമായുള്ള നീർത്തട കമ്മിറ്റികളാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പൂർണ്ണമായും പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെയാണ് കേരളത്തിൽ ഐ.ഡബ്ല്യു.എം.പി.യുടെ നിർവ്വഹണം നടത്തുന്നത്.

ഇടുക്കി ജില്ലയിലെ നബാർഡ് പദ്ധതി

23 (2851) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെ; ഓരോ പ്രവൃത്തിയുടെയും പൂർത്തീകരണം ഏത് ഘട്ടത്തിലാണ്; അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

<u>ഉത്തരം</u>

അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly